ഖുത്ബ നമ്പർ
**39**
**28-09-2012**

بسم الله الرحمن الرحيم O نحمده ونصلى على رسوله الكريم O وعلى عبده المسيح الموعود

**ജുമുഅ ഖുത്ബ**
**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**ഖലീഫത്തുൽ മസീഹ് അൽഖാമിസ്** ايده الله تعالىٰ بنصره العزيز

വിവർത്തനം: ടി.എം. അബ്ദുൽ മുജീബ്, തമ്മനം



# നബി ﷺ യുടെ സ്വഭാവ വൈശിഷ്ട്യം പ്രചരിപ്പിക്കുക

കഴിഞ്ഞ ജുമുആക്ക് ഞാനിവിടെ പള്ളിയിൽ ജുമുഅ നമസ്കരിപ്പിക്കുവാനായി വന്നപ്പോൾ കാറിൽ നിന്ന് ഇറങ്ങിയ സമയത്ത് മുന്നിൽ പത്രപ്രധിനിതികളുടെ ഒരു വലിയ സംഘം നിൽക്കുന്നതായി കണ്ടു. അതെക്കുറിച്ച് അന്വേഷിച്ചപ്പോൾ അമീർ സാഹിബ് പറഞ്ഞത് അമേരിക്കയിൽ നബി ﷺ യെ കുറിച്ച് അങ്ങേയറ്റം കരളലിയിപ്പിക്കുന്ന ചലചിത്രം നിർമിച്ചപ്പോൾ മുസ്ലിംകൾ വിവിധ തരത്തിലുള്ള പ്രതികരണങ്ങൾ നടത്തുകയുണ്ടായി. അഹ്മദികളുടെ പ്രതികരണം എന്താണെന്നറിയാനാണ് ഇവർ വന്നിട്ടുള്ളത്. ഞാൻ പറഞ്ഞു ശരി, ഇതേ വിഷയത്തിലാണ് ഞാൻ ഖുത്വുബ നൽകുന്നത്, അഹ്മദികളുടെ പ്രതികരണം എന്താണെന്ന് അതിൽ ഞാൻ പരാമർശിക്കുന്നതാണെന്ന് അവരോട് പറയുക. ഇത്രയധികം മാധ്യമങ്ങളെ ഇവിടേക്ക് വലിച്ചടുപ്പിച്ചതും അല്ലാഹുവിന്റെ തന്നെ ജോലിയാണ്. പിന്നീട് ഇതേ വിഷയത്തിൽ കുറച്ച് കാര്യങ്ങൾ പറയാം എന്ന് ഹൃദയത്തിൽ തോന്നിപ്പിക്കുകയും ചെയ്തു. ആദ്യം മറ്റു ചില കാര്യങ്ങൾ പറയാനായിരുന്നു കരുതിയിരുന്നത്. എന്നാൽ ഒരു ദിവസം മുമ്പ് ഇതിലേക്ക് ശ്രദ്ധ തിരിയുകയും ഇത് സംബന്ധിച്ച് ചിലത് പറയണമെന്ന് തോന്നുകയും ചെയ്തു. ഏതായാലും ഇത് അല്ലാഹുവിന്റെ പണിയാണ്. അവൻ ആഗ്രഹിക്കുന്നത് പോലെ ചെയ്യിപ്പിക്കുന്നു. ഈ വിഷയം അവതരിപ്പിക്കുന്നതിൽ അല്ലാഹുവിന്റെ സഹായം ഉണ്ടായിരുന്നു എന്നതാണ് പിന്നീടുള്ള അവസ്ഥയും തെളിയിച്ചത്. കുറഞ്ഞ സമയത്തിനുള്ളിൽ കുറച്ച് കാര്യങ്ങൾ മാത്രമേ പറയാൻ സാധിക്കൂ. എന്നാൽ ഞാൻ പറഞ്ഞതിന്റെ സംക്ഷിപ്തത്തെ, അല്ലെങ്കിൽ ഞാൻ നൽകാൻ ആഗ്രഹിച്ച സന്ദേശത്തെ അല്ലാഹു അഹ്മദിയ്യാ ലോകത്തിന് കൂടാതെ അന്യരിലും വളരെ വിശാലമായ നിലയിൽ എത്തിക്കുകയുണ്ടായി. പിന്നീട് ജുമുഅക്ക് ശേഷം ഞാൻ പള്ളിയിൽനിന്ന് പുറത്തു കടന്നപ്പോൾ മാധ്യമവക്താക്കൾ രണ്ട് മൂന്ന് മിനുട്ട് നേരത്തേക്ക് താങ്കളോട് നേരിട്ട് സംസാരിക്കാൻ ആഗ്രഹിക്കുന്നു, ചിലത് ചോദിക്കാൻ ആഗ്രഹിക്കുന്നുവെന്ന് അമീർ സാഹിബ് പറഞ്ഞു. ഞാൻ അദ്ദേഹത്തോട് പറഞ്ഞു, എല്ലാ കാര്യങ്ങളും ഞാൻ ഖുത്വുബയിൽ പരാമർശിച്ച് കഴിഞ്ഞു. മുകളിൽ നിന്ന് മാധ്യമ വക്താക്കൾ ചിത്രമെടുക്കുന്നതും റിക്കാർഡിങ്ങ് ചെയ്യുന്നതും ഖുത്വുബ കേൾക്കുന്നതും ഞാൻ കണ്ടിരുന്നു. സന്ദേശം അവരിലേക്ക് എത്തിക്കഴിഞ്ഞു. ഇനി അവർ കൂടുതൽ എന്താണ് ആഗ്രഹിക്കുന്നത്? എന്തായാലും ഞാൻ എത്തും എന്ന് പറഞ്ഞ് അവരെ അകത്ത് മുറിയിൽ ഇരുത്തിയിരുന്നു. അതിനാൽ ഞാൻ പറഞ്ഞു, എന്തായാലും നോക്കാം അഥവാ നബിതിരുമേനി ﷺ യുടെ ആദരവിനും അന്തസിനും വേണ്ടി ഇനിയും സംസാരിക്കണമെങ്കിൽ നാം സംസാരിക്കുന്നതാണ്. അങ്ങയുടെ പദവിയെ കുറിച്ചും ഇസ്ലാമിന്റെ അദ്ധ്യാപനത്തെ സംബന്ധിച്ചും ഈ അഭിമുഖത്തിലൂടെ ഉത്തമമായ സന്ദേശം ലോകത്ത് എത്തുമെങ്കിൽ നല്ല കാര്യമാണ്. അവരെ കാണാവുന്നതാണ്. ഞാൻ ചെന്നപ്പോൾ അവിടെ പത്രപ്രതിനിധികൾ കൂടാതെ ടി.വി ചാനലിന്റെ പ്രതിനിധികളും ഉണ്ടായിരുന്നു. A.B.B.C യുടെ കീഴിലുള്ള News Night ന്റെ പ്രതിനിധികളും B.B.C യുടെ പ്രതിനിധിയും ന്യൂസിലാന്റ് നാഷണൽ ടെലിവിഷന്റെ പ്രതിനിധിയും ഫ്രാൻസിലെ ടെലിവിഷന്റെ പ്രതിനിധിയും കൂടാതെ മറ്റു ധാരാളം പ്രതിനിധികളും ഉണ്ടായിരുന്നു. എന്റെ വലതു വശത്തിരുന്നിരുന്ന ന്യൂസ്ലാന്റിന്റെ പ്രതിനിധിക്കാണ് ആദ്യം അവസരം ലഭിച്ചത്. താങ്കൾ എന്ത് സന്ദേശമാണ് നൽകാൻ ആഗ്രഹിക്കുന്നത് എന്നാണ് അയാൾ ചോദിച്ചത്. ഞാനദ്ദേഹത്തോട് പറഞ്ഞു, സന്ദേശം നിങ്ങൾ കേട്ടുകഴിഞ്ഞു. ഖുത്വുബ കേട്ടിരുന്നില്ലെ. പരിഭാഷയും കേൾക്കുകയായിരുന്നല്ലോ? റസൂൽ തിരുമേനി ﷺ യുടെ സ്ഥാനത്തേയും പദവിയേയും പരാമർശിച്ച് കഴിഞ്ഞു. അങ്ങയുടെ ഉന്നതമായ പദവിയായിരുന്നു. നബി ﷺ യുടെ മാതൃക എല്ലാ മുസ്ലിംകൾക്കും അനുകരണയോഗ്യമാണ്. മുസ്ലിംകളുടെ ദുഖത്താലും കോപത്താലുമുള്ള പ്രതികരണങ്ങൾ ഒരു തരത്തിൽ ശരിയാണ്. അത് ഉണ്ടാകേണ്ടതായിരുന്നു. അതിന്റെ പ്രകടനം ചില സ്ഥലങ്ങളിൽ തെറ്റായ നിലയിലാണ് ഉണ്ടാകുന്നത്. നമ്മുടെ ഹൃദയങ്ങളിലുള്ള നബി ﷺ തിരുമേനിയുടെ സ്ഥാനത്തേക്ക് ലോകത്തിന്റെ ദൃഷ്ടിക്ക് എത്താൻ കഴിയില്ല. അതുകൊണ്ട് ഇക്കാര്യങ്ങളിൽ ഞങ്ങൾക്ക് എത്ര കണ്ട് ദുഖമാണ് ഉണ്ടായിട്ടുള്ളതെന്ന ബോധം ഭൗതികർക്കുണ്ടാകില്ല. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ലോകസമാധാനത്തെ തകിടം മറിക്കുന്നു. ന്യൂസ്ലാന്റിന്റെ പ്രതിനിധി വളരെ ശക്തമായി ഊന്നിപ്പറഞ്ഞത്, നിങ്ങൾ പറഞ്ഞല്ലോ ഇവർ നരകത്തിൽ പതിക്കുമെന്ന്. അത് വളരെ കഠിനമായ വാക്കാണ്. നിങ്ങളും അവരിൽ ഉൾപ്പെട്ടു കഴിഞ്ഞു. വാക്കുകൾ ഇതായിരുന്നില്ലെങ്കിലും നിലപാട് ഇങ്ങനെയാണെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ഞാനയാളോട് പറഞ്ഞു, നിങ്ങൾ വീണ്ടും വീണ്ടും ഈ ചോദ്യം ആവർത്തിക്കുകയായിരുന്നു. അല്ലാഹുവിന്റെ പ്രിയരെ സംബന്ധിച്ച് ഇത്തരം കാര്യങ്ങൾ പറയുന്നവർ, അവരെ ആക്ഷേപിക്കുന്നതിനായി ശ്രമിക്കുന്നവർ, പറഞ്ഞു മനസ്സിലാക്കിയിട്ടും മനസ്സിലാക്കാതെ ആവർത്തിക്കുന്നവർ, പരിഹാസപാത്രമാക്കുന്നവർ, അവരെ സംബന്ധിച്ച് അല്ലാഹുവിന്റെ വിധി നടപ്പിലാകുന്നു. ശിക്ഷയും ലഭിക്കാം. അല്ലാഹു അങ്ങിനെയുള്ളവരെ പിടിക്കുകയും ചെയ്യുന്നതാണ്. എന്തായാലും അയാൾ നിശബ്ദനായി. എന്നാൽ ഇക്കാര്യത്തിൽ അൽപം ഭയപ്പെട്ടുവെന്ന് തോന്നുന്നു. അൽപം ഭയചികിതനായി തോന്നി. അയാൾ ന്യൂസിലാന്റ് നാഷണൽ ടെലിവിഷന് നൽകിയ വാർത്ത പിന്നീട് പ്രക്ഷേപണം ചെയ്തു. ജമാഅത്തിനെ സംബന്ധിച്ച് ആദ്യമായിട്ടാണ് അവിടുത്തെ നാഷണൽ ടെലിവിഷനിൽ വാർത്ത പ്രക്ഷേപണം ചെയ്തത്. അവിടത്തെ ജമാഅത്തിനെ സംബന്ധിച്ച് നല്ല കാര്യമാണ്. ജമാഅത്തിനെ പരിചയപ്പെടുത്താൻ കഴിഞ്ഞു. ഖുത്വുബയെ കുറിച്ചും എന്റെ അഭിപ്രായത്തെ കുറിച്ചും വാർത്തകൾ വന്നു.

ഖുത്ബുബയെ കുറിച്ച് ഇവർ നരകത്തിൽ പോകുന്നതാണ് എന്ന വാക്യത്തിന്റെ ഇംഗ്ലീഷ് പരിഭാഷയും അവർ വാർത്തയിൽ കേൾപ്പിച്ചു. എന്നാൽ പൊതുവിൽ അമുസ്ലിം പ്രതിനിധികളിൽ ഇല്ലാത്ത അല്ലെങ്കിൽ കാണിക്കാത്ത ഒരു മാന്യത അവരിൽ ഉണ്ടായിരുന്നു. അതായത് മുമ്പും പിമ്പും ഇല്ലാതെ അവതരിപ്പിച്ചാൽ തെറ്റായ പ്രതീകരണങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ള ആ വചനത്തിന്റെ തീക്ഷ്ണത ഇല്ലാതാക്കാൻ- അല്ലാഹു അയാളുടെ ഹൃദയത്തിൽ ഇട്ടതാകാം- എന്റെ വാക്കുകൾ ടിവിയിൽ കാണിച്ചതോടൊപ്പം തന്നെ എന്റെ ഈ വാക്കുകളും കാണിക്കുകയുണ്ടായി. അതിൽ ഞാൻ പറഞ്ഞത് നാം തീവ്രമായ പ്രകടനങ്ങളും അതിക്രമങ്ങളും ഇഷ്ടപ്പെടുന്നില്ല. ഇത്തരത്തിലുള്ള കലാപങ്ങളിലും കലഹങ്ങളിലും ഉൾപ്പെട്ടതായി ഒരു അഹ്മദിയേയും നിങ്ങൾ കാണുന്നതല്ല. വാർത്ത വായിക്കുന്ന ആൾ എന്റെ ഈ മറുപടി കാണിച്ചശേഷം അതിനെകുറിച്ച് ഒരു നിരൂപണം നടത്തി കൊണ്ട് പറഞ്ഞു, ഇത് മുസ്ലിംകളുടെ ഒരു ന്യൂനപക്ഷ ജമാഅത്താണ്. മുസ്ലിംകളിൽ നിന്ന് ഇവർക്ക് നല്ല പെരുമാറ്റമല്ല ലഭിക്കുന്നത്. എന്തായാലും ഇവരുടെ ഖലീഫയുടെ ഈ ശബ്ദവും സന്ദേശവും അഹ്മദി മുസ്ലിംകൾ അല്ലാതെയുള്ള മറ്റ് മുസ്ലിംകളിൽ എന്തെങ്കിലും സ്വാധീനം ഉണ്ടാക്കുന്നുണ്ടോ ഇല്ലയോ എന്ന് നോക്കാം. മറ്റ് മുസ്ലിംകൾ നടത്തുന്ന അതിക്രമങ്ങളുടെ ചിത്രവും കാണിക്കുകയുണ്ടായി. മൗലവിമാരെ ജാഥകൾ നയിക്കുന്നതായിട്ടും മുദ്രാവാക്യങ്ങൾ മുഴക്കുന്നവരായിട്ടും കാണിച്ചു. ഏതായാലും ഞാൻ പറഞ്ഞതുപോലെ ഇതു മുഖാന്തരം ഇസ്ലാമിന്റെ യഥാർത്ഥ സന്ദേശം സാറ്റലൈറ്റിലൂടെ ന്യൂസ്ലാന്റിലും അവരുടെ വെബ്സൈറ്റ് മുഖാന്തരം ലോകത്തിന്റെ വലിയൊരു ഭാഗത്തും എത്തുകയുണ്ടായി. അഥവാ നാം പരിശ്രമിച്ചാൽ തന്നെയും അഹ്മദിയ്യത്തിന്റെ പരിചയവും ഇസ്ലാമിന്റെ യഥാർത്ഥ സന്ദേശവും ഇത്തരത്തിൽ എത്തില്ലായിരുന്നു. ന്യൂസ്ലാന്റിലെ ജമാഅത്ത് ഇത് സംബന്ധമായി ഇസ്ലാമിന്റെയും അഹ്മദിയത്തിന്റെയും പരിചയത്തേയും സന്ദേശത്തേയും രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിലേക്കും എത്തിക്കുവാനായി പരിശ്രമിക്കേണ്ടതാണ്. അതുപോലെ ന്യൂസ്ലാന്റിന് സമീപത്തുള്ള രാജ്യങ്ങളും കേട്ടിട്ടുണ്ടാകും. നബിതിരുമേനി(സ)യുടെ ചരിത്രവുമായ ബന്ധപ്പെട്ട് ഈ രാജ്യങ്ങളിൽ ഇസ്ലാമിന്റെ യഥാർത്ഥ അദ്ധ്യാപനങ്ങൾ എത്തിക്കുവാനായി ശക്തമായ പരിപാടികൾ ഉണ്ടാക്കേണ്ടതാണ്. ഇവിടത്തെ ചാനലായ News Night ന്റെ പ്രതിനിധി പറഞ്ഞു, ഞാൻ ചലചിത്രം കണ്ടു. അതിൽ ഇത്രയും ഒച്ചപ്പാടുണ്ടാക്കുന്നതിനും, മുസ്ലിംകൾ ഇത്തരത്തിലുള്ള പ്രതികരണങ്ങൾ കാണിക്കുന്നതിനുള്ള ഒന്നും തന്നെയില്ല. എന്നോട് പറഞ്ഞു, നിങ്ങളും വളരെ വിശദമായി ഖുത്ബുബയും നൽകി. ചില സ്ഥലങ്ങളിൽ വളരെ ശക്തമായ ഭാഷയിൽ അതിനെ അപലപിക്കുകയുണ്ടായി. ഇത് ചെറിയൊരു തമാശയായിരുന്നു. اِنَّا لِلّٰہِ ഇത് ഇവരുടെ ധാർമിക നിലവാരത്തിന്റെ അവസ്ഥയാണ്. ഞാൻ അയാളോട് പറഞ്ഞു, നിങ്ങളെങ്ങനെയാണ് കണ്ടതെന്നും നിങ്ങളുടെ നിലവാരമെന്താണെന്നും എനിക്കറിയില്ല. മുസ്ലിംകളുടെ ദൃഷ്ടിയിൽ നബി തിരുമേനി(സ)യ്ക്കുള്ള സ്ഥാനത്തെ, ഒരു മുസ്ലിമിന്റെ ഹൃദയത്തിൽ നബി(സ)യോടുള്ള സ്നേഹത്തെ നിങ്ങൾക്ക് മനസിലാകില്ല. ഞാനയാളോട് പറഞ്ഞു; ഞാൻ ചലചിത്രം കണ്ടിട്ടില്ല. കണ്ടവർ പറഞ്ഞ ഒന്ന് രണ്ട് കാര്യങ്ങൾ തന്നെ അസഹ്യമായിരുന്നു. നിങ്ങൾ പറയുന്നു അങ്ങനെയൊന്നും ഇല്ല എന്ന്. അതിൽ പറഞ്ഞിട്ടുള്ള ഈ കാര്യങ്ങൾ കേട്ട് എനിക്ക് ആ ചലചിത്രം കാണുന്നതിനുള്ള ധൈര്യം തന്നെയില്ല. അത് കേൾക്കുമ്പോൾ തന്നെ രക്തം തിളക്കുന്നു. ഞാനയാളോടു പറഞ്ഞു നിങ്ങളുടെ പിതാവിനെ ആരെങ്കിലും അസഭ്യം പറയുകയാണെങ്കിൽ, ചീത്ത പറയുകയാണെങ്കിൽ, അനാവശ്യം പറയുകയാണെങ്കിൽ അതിനെ സംബന്ധിച്ച് നിങ്ങളുടെ പ്രതികരണം എന്തായിരിക്കും? നിങ്ങൾ പ്രതികരിക്കുന്നതാണ്. അത് ശരിയോ തെറ്റോ എന്ന് പറയുക. നബി(സ) തിരുമേനിയുടെ സ്ഥാനം ഒരു മുസ്ലിമിന്റെ ദൃഷ്ടിയിൽ വളരെ ഉന്നതാണ്. അതിലേക്ക് അവർക്ക് എത്താൻ കഴിയില്ല. വീണ്ടും ചലചിത്രത്തെകുറിച്ച് അയാൾ സംസാരിക്കാൻ തുടങ്ങിയപ്പോൾ ഞാനയാളോട് പറഞ്ഞു.ഞാൻ നിങ്ങളോട് പറഞ്ഞു കഴിഞ്ഞു, നിങ്ങളുടെ പിതാവിനെതിരിൽ ആരെങ്കിലും സംസാരിക്കുകയാണെങ്കിൽ നിങ്ങൾ കേൾക്കുമോ? ആണെന്നോ അല്ലെന്നോ ഉള്ള മറുപടി പറയുക. അയാൾ പറഞ്ഞില്ല. എന്നാൽ അയാൾ നിശബ്ദനായി. ഈ പ്രതിനിധി ഇതിനെ സംബന്ധിച്ച് മാധ്യമത്തിന് വാർത്ത നൽകിയില്ലെന്ന് തോന്നുന്നു. എന്നാൽ, നിങ്ങളുടെ പിതാവിനെ ആരെങ്കിലും അസഭ്യം പറഞ്ഞാൽ പ്രതികരിക്കുമോ എന്ന ചോദ്യത്തെ മറ്റ് പല സ്ഥലങ്ങളിലുള്ള മാധ്യമങ്ങൾ ഏറ്റെടുക്കുകയുണ്ടായി. വെബ്സൈറ്റിലും ഇട്ടു. ഏതായാലും ഇന്റർനെറ്റിലും ചില പത്രങ്ങളുടെ വെബ്സൈറ്റിലും ഇതിനെ സംബന്ധിച്ച് വിവിധ നിരൂപണങ്ങൾ നടന്നു. ഒരു പാകിസ്ഥാനി ഇംഗ്ലീഷ് പത്രം ഖുത്ബുബയെ സംബന്ധിച്ചും പ്രസ്സ് മീറ്റിങ്ങിനെ സംബന്ധിച്ചും ജമാഅത്ത് അഹമദിയ്യാ മുസ്ലിമയുടെ നിലപാടിനെ സംബന്ധിച്ച് ലോകത്ത് നല്ലപോലെ പ്രചരിപ്പിച്ചു. ഇന്റർനെറ്റിലുള്ള ചില നിരൂപണങ്ങൾ ഇപ്രകാരമായിരുന്നു, ഇപ്പറഞ്ഞ കാര്യങ്ങളെ അധികവും എല്ലാവരും പ്രശംസിക്കുകയാണ് ചെയ്യാറ്. ചിലർ ഇങ്ങനേയും എഴുതി, ബുദ്ധിയുള്ള എല്ലാവരും ഇത് തന്നെയാണ് പറയുക. മിർസാ മസ്റൂർ അഹ്മദ് എന്താണിത്ര കാര്യമായി പറഞ്ഞത്? എന്നാൽ ഒരഹ്മദി എനിക്കെഴുതിയത്, ഞാനെല്ലാ നിരൂപണങ്ങളും, വാർത്തകളും കേട്ടു. എല്ലാവരുടേയും അഭിപ്രായങ്ങൾ കണ്ടു. പണ്ഡിതന്മാരുടേയും അവരുടെ നേതാക്കന്മാരുടേയും. അവർ വളരെ കാര്യങ്ങൾ പറഞ്ഞു. എന്നാൽ ആരും തന്നെ നബിതിരുമേനി(സ)യ്ക്ക് സലാം അയക്കുക എന്ന് പറഞ്ഞില്ല. അഹ്മദിയ്യാ ജമാഅത്തു മാത്രമാണ് ജമാഅത്തംഗങ്ങളെ, നോക്കുക പ്രതികരണം ഇങ്ങനെയുമായിരിക്കണമെന്ന കാര്യത്തിലേക്ക് ശ്രദ്ധ തിരിച്ചത്. അതായത് കൂടുതൽ കൂടുതലായി നബി(സ)യ്ക്ക് സലാം അയക്കുക. നിങ്ങൾ അമുസ്ലിംകൾ എന്ന് പറയുന്നവരാണ് യഥാർത്ഥ ഇസ്ലാമിക പ്രതികരണം കാണിച്ചത് എന്ന് ചിലർ എഴുതുന്നു. എന്തായാലും ഇതിന് നല്ല പ്രതികരണം കിട്ടി. അങ്ങനെ ലോകത്തിന് മുന്നിൽ ഒരു യഥാർത്ഥ മുസ്ലിമിന്റെ യഥാർത്ഥ പ്രതികരണം പ്രകടമായി. അഹ്മദിയ്യാ ജമാഅത്ത് സമർപ്പിക്കുന്ന ഇസ്ലാമിന്റെ യഥാർത്ഥ അദ്ധ്യാപനത്തെക്കുറിച്ച് മുഴുലോകവും അറിഞ്ഞു. ലോകത്തിനും, ഇസ്ലാമിക ലോകത്തിനും, ഒരു യഥാർത്ഥ മുസ്ലിമിന്റെ ശരിയായ പ്രതികരണം എന്താണെന്നും, എന്താണ് ആകേണ്ടതെന്നുമുള്ള സന്ദേശവും ലഭിച്ചു. ഇത്തരത്തിലുള്ള കവറേജ് ഉണ്ടായത് അല്ലാഹുവിന്റെ പ്രത്യേക സഹായത്താലും പിന്തുണയാലുമാണ്. അല്ലായിരുന്നെങ്കിൽ നാം ശ്രമിച്ചാൽ തന്നെയും അഹ്മദിയ്യാ ജമാഅത്ത് സമർപ്പിക്കുന്ന യഥാർത്ഥ ഇസ്ലാമിക നിലപാടിനെക്കുറിച്ച് ലോകത്തിന് അറിവ് ലഭിക്കുമായിരുന്നില്ല. അല്ലെങ്കിൽ വിശാലമായ നിലയിൽ നമുക്ക് ലോകത്തേക്കെത്തിക്കാൻ കഴിയുമായിരുന്നില്ല. ഇനി ഇതിനെ മുന്നോട്ട് കൊണ്ടുപോകേണ്ടതും, ഈ കവറേജിനെ പ്രയോജനപ്പെടുത്തേണ്ടതും എല്ലായിടത്തുമുള്ള എല്ലാ അഹ്മദികളുടെയും ബാധ്യതയാണ്. കേന്ദ്രത്തിൽ നിന്ന് ഇത് സംബന്ധമായുള്ള പരിശ്രമത്തെക്കുറിച്ചുമുള്ള നിർദ്ദേശം ഉണ്ടാകും. ഞാൻ ഖുത്ബുബയെ സംബന്ധിച്ച് അത് പ്രചരിപ്പിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിരുന്നു. ഈ നിർദ്ദേശവും രീതിയും ഓഫീസിൽ നിന്ന് ജമാഅത്തുകൾക്ക് എത്തുന്നതാണ്. ജമാഅത്തുകളിൽ നിന്ന് ജമാഅത്തംഗങ്ങളിലേക്കും എത്തുന്നതാണ്. അത് ഒരല്പം താമസിച്ചേക്കാം. കുറച്ച് ദിവസങ്ങൾ പിടിച്ചേക്കാം. എന്റെ ഖുത്ബുബ കേൾക്കുന്ന എല്ലാ അഹ്മദികളും, അല്ലാഹു ഒരുക്കിത്തന്ന ഈ അവസരത്തിൽ ഒന്നാമതായി, ഞാൻ കഴിഞ്ഞ ഖുത്ബുബയിൽ പറഞ്ഞതുപ്പോലെ സ്വന്തം കർമ്മങ്ങൾ കൊണ്ട് ലോകത്തിന് മുന്നിൽ ഇസ്ലാമിന്റെ സുന്ദര അദ്ധ്യാപനങ്ങൾ സമർപ്പിക്കുക. എന്നാൽ അതോടൊപ്പം തന്നെ ബന്ധപ്പെട്ട കേന്ദ്ര ഓഫീസും ജമാഅത്തും ഉടൻ

ശ്രദ്ധ നൽകിക്കൊണ്ട് ഖുത്ബ സ്വന്തം ഭാഷയിൽ പരിഭാഷപ്പെടുത്തി കൊണ്ട് വളരെ വിപുലമായ രീതിയിൽ പ്രസിദ്ധീകരിക്കുക. പ്രസ്സിനെ സംബന്ധിച്ചും പരാമർശിക്കുക. പക്വതയാർജിച്ച എല്ലാവരിലേക്കും ഇസ്ലാമിന്റെ നിലപാട് എത്തിക്കുക. സംക്ഷിപ്തമായിട്ടുള്ള ഖുത്ബയായിരുന്നു. നബിﷺതിരുമേനിയുടെ ചരിത്രത്തിന്റെ മനോഹരമായ ദൃശ്യങ്ങളെ ദർശിക്കണമെങ്കിൽ യാഥാർത്ഥ്യത്തിന്റെയും, ചരിത്രത്തിന്റെയും വെളിച്ചത്തിൽ ഞങ്ങൾ സാഹിത്യങ്ങൾ എത്തിച്ചു തരുന്നതാണ് എന്നതിൽ പരാമർശിക്കുക. ഇത് ചെയ്യാവുന്നതാണ്. അതുപോലെ നമ്മുടെ വിവിധ ജമാഅത്തുകളുടെ വെബ്സൈറ്റിനെക്കുറിച്ചും അറിവ് നൽകുക. ഈ ഗ്രന്ഥങ്ങൾ ഉള്ള കേന്ദ്ര വെബ്സൈറ്റിനെ പരിചയപ്പെടുത്തുക. ഇതിനെ സംബന്ധിച്ച് ഞാൻ നേരത്തെ നിർദ്ദേശം നൽകിയിരുന്നു. ചിലർ തങ്ങളുടെ അഭിപ്രായങ്ങളും പറഞ്ഞിട്ടുണ്ട്. ഈ ഖുത്ബയും പ്രസ്സുമായുള്ള ചോദ്യോത്തരങ്ങളുമായി ബന്ധപ്പെട്ട് ലോകത്ത് പ്രചരിച്ചിട്ടുള്ള ജമാഅത്തിന്റെ നിലപാടിനെ, നബിതിരുമേനിﷺയുടെ ചരിത്രത്തിന്റെ സുന്ദരഭാഗങ്ങളെ സ്പഷ്ടമാക്കുന്നതിനായി നിരന്തരമായി പരിശ്രമിക്കേണ്ടതാണ്. അതിൽ നിന്നും പ്രയോജനം എടുക്കേണ്ടതാണ്. തങ്ങളുടെ പ്രദേശത്തുള്ള ലൈബ്രറിയിലും ചരിത്രത്തെ സംബന്ധിച്ചുള്ള ജമാഅത്തീ സാഹിത്യങ്ങൾ ലഭ്യമാക്കേണ്ടാതാണ്. അതിന്റെ ഇംഗ്ലീഷ് പരിഭാഷയും തയ്യാറായിട്ടുണ്ട്. യൂറോപ്പിലും ഇംഗ്ലണ്ടിലും അല്ലെങ്കിൽ ഇംഗ്ലീഷ് സംസാരിക്കുന്ന രാഷ്ട്രങ്ങളിലും ഈ ഗ്രന്ഥം എത്തിക്കേണ്ടതാണ്. ഇനി ഏതെങ്കിലും വിഭാഗത്തിന് സൗജന്യമായി കൊടുക്കേണ്ടി വന്നാലും നൽകേണ്ടതാണ്. പ്രത്യേകിച്ച് ഞാൻ പറഞ്ഞ ഇംഗ്ലീഷിൽ തർജ്ജമ ചെയ്യപ്പെട്ട ഗ്രന്ഥം. അല്ലെങ്കിൽ മറ്റേതെങ്കിലും ഭാഷയിൽ പരിഭാഷപ്പെടുത്തിയത്. ഇതിനെ ധാരാളമായി പ്രചരിപ്പിക്കുക. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി (റ) ന്റെ ഗ്രന്ഥം ലൈഫ് ഓഫ് മുഹമ്മദ് ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതുപോലെ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ (റ) ന്റെ ഗ്രന്ഥമായ സീറത്ത് ഹദ്റത് ഖാത്തമുന്നബിയ്യീന്റെ കുറച്ച് ഭാഗം ഇംഗ്ലീഷിലേക്ക് തർജ്ജുമ ചെയ്യപ്പെട്ടിട്ടുണ്ട്. വക്കാലത്തെ തസ്നീഫ് ശേഷിച്ച ഭാഗവും കൂടി വേഗത്തിൽ തർജ്ജുമ ചെയ്യിച്ച് പ്രസിദ്ധീകരിക്കേണ്ടതാണ്. ഏതായാലും ഖലീഫത്തുൽ മസീഹ് സാനിയുടെ ലൈഫ് ഓഫ് മുഹമ്മദ് - അതൊരു ചെറിയ ഗ്രന്ഥമാണ്- അതിൽ ചരിത്രത്തിന്റെ എല്ലാ ഭാഗങ്ങളെയും സംക്ഷിപ്തമായി വലയം ചെയ്തിട്ടുണ്ട്. ദീബാച്ച തഫ്സീറുൽ ഖുർആൻ എന്ന ഗ്രന്ഥത്തിന്റെ കുറച്ച് ഭാഗങ്ങളാണ് യഥാർത്ഥത്തിൽ ഈ ഗ്രന്ഥം. അതിൽ ചരിത്രവും ജീവിതവും പരാമർശിച്ചിട്ടുണ്ട്.നബി ﷺയുടെ ചരിത്രവുമായി ബന്ധപ്പെട്ട ദീബാച്ചയുടെ മുഴുവൻ ഭാഗവുമാണിത്. അത് വായിക്കുന്നതിലൂടെ നബിﷺ യുടെ ജീവിതത്തിന്റെ എല്ലാ ഭാഗങ്ങളും വെളിപ്പെടുന്നു. വളരെ വിപുലമായ നിലയിൽ ഇത് പ്രസിദ്ധീകരിക്കേണ്ടതാണ്. ഏതെല്ലാം ഭാഷകളിൽ ഇതിന്റെ പരിഭാഷ ആയി കഴിഞ്ഞു എന്ന് വക്കീലെ ഇശാഅത്ത് ഔർ തസ്നീഫ് എനിക്ക് റിപ്പോർട്ട് നൽകുക. അഥവാ സ്റ്റോക്കില്ലായെങ്കിൽ ഉടനെ അത് പ്രസിദ്ധീകരിക്കുക. ജർമ്മൻ ഭാഷയിലും ഫ്രഞ്ച് ഭാഷയിലും ഇതിന്റെ പരിഭാഷ ഉണ്ടെന്ന് തോന്നുന്നു. ഏതായാലും ഇതിന്റെ റിപ്പോർട്ട് തരിക. ലോകത്തിന് മുന്നിൽ നാം നബിതിരുമേനിﷺ യുടെ ജീവിതത്തിന്റെ ഹൃദ്യമായ വശങ്ങളെ സമർപ്പിക്കേണ്ടതാണ്. ഇത് നമ്മുടെ ബാധ്യതയാണ്. എങ്ങിനെയായാലും പരിശ്രമം നടത്തി ഇത് നിറവേറ്റേണ്ടതാണ്. ഇന്ന് ഈ ജോലി അഹ്മദിയ്യാ ജമാഅത്തിന് മാത്രമെ താത്പര്യത്തോടു കൂടി ചെയ്യാൻ സാധിക്കുകയുള്ളൂ. അതിനുവേണ്ടി എല്ലാ വിധത്തിലുമുള്ള പരിപാടികളിലും മുമ്പത്തെക്കാളുപരിയായി പരിശ്രമിക്കേണ്ടതാണ്. സെമിനാർ സംഘടിപ്പിക്കുക, സമ്മേളനങ്ങളും സംഘടിപ്പിക്കുക. അന്യരെ കൂടുതൽ കൂടുതലായി ഇതിലേക്ക് ക്ഷണിക്കുക.

ഞാൻ പറഞ്ഞതുപോലെ എന്റെ കഴിഞ്ഞ ഖുത്ബ എല്ലാ ഭാഷകളിലും പരിഭാഷപ്പെടുത്തി ചെറിയ പാംഫ്ലെറ്റിന്റെ രൂപത്തിൽ തയ്യാറാക്കി, ഒരു പദ്ധതി ആവിഷ്കരിച്ചുകൊണ്ട്, മുമ്പ് സമാധാനത്തെക്കുറിച്ചുള്ള ലീഫ്ലെറ്റ് വിതരണം ചെയ്തതു പോലെ ഇതും വിതരണം ചെയ്യുക. എന്നാൽ ഇതിൽ താമസം ഉണ്ടാകാൻ പാടില്ല. ഒരാഴ്ച അല്ലെങ്കിൽ 10 ദിവസത്തിനുള്ളിൽ ഇത് സാധ്യമാണ്. ഇത് നടത്തേണ്ടതാണ്. വലിയ രാജ്യങ്ങളിൽ ഇതിന്റെ പ്രസിദ്ധീകരണ ജോലി വളരെ എളുപ്പത്തിൽ സാധ്യമാണ്.

ഇവർ തങ്ങളുടെ പ്രവർത്തനങ്ങളിൽ നിന്ന് വിരമിക്കുന്നില്ല, വിരമിക്കുന്നതുമല്ല. ജനങ്ങൾ കൂടുതൽ നമ്മുടെ ഹൃദയങ്ങളെ വ്രണിതമാക്കാൻ ശ്രമിക്കുന്നു എന്നാണ് പൊതുവിൽ മുസ്ലിംകൾ കാണിക്കുന്ന പ്രതികരണം കാണുമ്പോൾ തോന്നുന്നത്. തങ്ങളുടെ നീച പ്രവർത്തനങ്ങളെ ഒരു രാജ്യത്തിൽ നിന്ന് മറ്റൊരു രാജ്യത്തിലേക്ക് പ്രചരിപ്പിച്ച് കൊണ്ടുപോവുകയാണ്. രണ്ട് ദിവസം മുമ്പ് സ്പെയ്നിലെ ഏതോ പത്രവും ഒരു കോളം നിർമിച്ച് പ്രസിദ്ധപ്പെടുത്തി. ഇത് തമാശയാണെന്നും, മുസ്ലിംകളുടെ പ്രതികരണത്തിന്റെ മറുപടിയാണെന്നുമാണ് പറയുന്നത്. അതിനാൽ ഇവരുടെ വായടപ്പിക്കുന്നതിനായി കുറഞ്ഞപക്ഷം മാന്യരും വിദ്യാസമ്പന്നരുമായവർക്ക് ഇത് തെറ്റായ മാർഗ്ഗമാണെന്നും, ലോകസമാധാനത്തെ നശിപ്പിക്കുന്നതാണെന്നും പറഞ്ഞുകൊടുക്കുന്നതിനായി നല്ലപോലെ പരിശ്രമിച്ചുകൊണ്ട് സാധ്യമാകുന്നിടത്തോളം ഇവരുടെ ദ്രോഹപരമായ നിലപാടിന്റെ യാഥാർത്ഥ്യത്തെക്കുറിച്ച് ലോകത്തിനെ ബോധ്യപ്പെടുത്തേണ്ടതാണ്. ഇവിടെ യു.കെ. യിലും കോമൺവെൽത്ത് രാഷ്ട്രങ്ങളിലും രാജ്ഞിയുടെ ഡയമണ്ട് ജൂബിലി കഴിഞ്ഞ ദിവസങ്ങളിൽ ആഘോഷിക്കുകയുണ്ടായി. ഇതിനോടനുബന്ധിച്ച് മുഴുവൻ വർഷവും ആഘോഷങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഇപ്പോഴും അതിലേക്ക് ശ്രദ്ധയുണ്ട്. വിക്ടോറിയ രാജ്ഞിയുടെ ഡയമണ്ട് ജൂബിലി നടന്നപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) തുഹ്ഫയെ ഖൈസരിയാ എന്ന പേരിൽ ഗ്രന്ഥം രചിച്ച് രാജ്ഞിക്കയച്ചുകൊടുത്തിരുന്നു. ഇതിൽ രാജ്ഞിയുടെ നീതിയിലധിഷ്ഠിതമായ ഭരണത്തെ പ്രശംസിച്ചതോടൊപ്പം തന്നെ ഇസ്ലാമിന്റെ സന്ദേശവും എത്തിച്ചിരുന്നു. കൂടാതെ ലോകത്ത് ശാന്തി നിലനാട്ടുന്നതിനെക്കുറിച്ചും, വിവിധ മതങ്ങളുടെ പരസ്പര ബന്ധങ്ങളെക്കുറിച്ചും, മതഗുരുക്കന്മാരുടെയും പ്രവാചകന്മാരുടെയും ആദരവിന്റെയും ബഹുമാനത്തെയും സംബന്ധിച്ചും ശ്രദ്ധ ക്ഷണിച്ചിരുന്നു. സമാധാനം നിലനാട്ടുന്നതിനുള്ള മാർഗ്ഗം എന്തായിരിക്കണം എന്നതും വിശദമായി പ്രതിപാദിച്ചിരുന്നു. ഇപ്പോൾ എലിസബത്ത് രാജ്ഞിയുടെ ഡയമണ്ട് ജൂബിലി നടന്നപ്പോൾ തുഹ്ഫായെ ഖൈസറിയായുടെ പരിഭാഷ മനോഹരമായി പ്രിന്റ് ചെയ്ത് ബൈന്റ് ചെയ്ത് അയച്ചുകൊടുത്തിരുന്നു. രാജ്ഞിയുമായി ബന്ധപ്പെട്ട വകുപ്പിന് ഗ്രന്ഥം ഉപഹാരമായി നൽകിയപ്പോൾ അതോടൊപ്പം എന്റെ കത്തും ഉണ്ടായിരുന്നു. അവരിൽ നിന്ന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് എനിക്ക് മറുപടിയും ലഭിച്ചു. രാജ്ഞിയുടെ ഗ്രന്ഥ ശേഖരണത്തിൽ ഇത് ഉൾപ്പെടുത്തിയിട്ടുണ്ടെന്നും രാജ്ഞി ഇത് വായിക്കുന്നതാണെന്നും അതിൽ രേഖപ്പെടുത്തിയിരുന്നു. ഏതായാലും വായിച്ചാലും ഇല്ലെങ്കിലും നമ്മുടെ ഉത്തരവാദിത്വത്തെ നിറവേറ്റാൻ നാം ശ്രമിച്ചു.

അക്കാലത്ത് ലോകത്ത് സംജാതമായിരുന്ന അശാന്തിയുടെ അവസ്ഥയാണ് ഇന്നും ഉള്ളത്. മാത്രമല്ല ചില കാര്യങ്ങളിൽ വർദ്ധിച്ചു കൊണ്ടിരിക്കുകയുമാണ്. ഇസ്ലാമിലും നബി തിരുമേനിﷺയുടെ വ്യക്തിത്വത്തിലുമുള്ള അക്രമണത്തിലും, അങ്ങയെ പരിഹസിക്കുന്നതിലും ഇവർ ഏർപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതിൽ വളരെ മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ശാന്തിയുടെയും മതത്തെ ആദരിക്കുന്നതിന്റെയും ഭാഗങ്ങളുള്ള ഈ സന്ദേശത്തെ പ്രചരിപ്പിക്കേണ്ടത് ഇന്ന് വളരെയധികം അനിവാര്യമാണ്. കൂടാതെ കോൺഫറൻസുകളും വേണം. അവ എപ്രകാരമുള്ളതായിരി

ക്കണം എന്നതെല്ലാം ഒരു പാംഫ്ളെറ്റിന്റെ രൂപത്തിൽ പ്രസിദ്ധീകരിച്ച് ഇവിടെയും ലോകത്തും വിതരണം ചെയ്യേണ്ടതിന്റെ ആവശ്യമുണ്ട്. ഇതിനെ സംബന്ധിച്ചും പെട്ടെന്ന് നടപടി ഉണ്ടാകേണ്ടതാണ്. ഇത് രണ്ട് മൂന്ന് പേജുള്ള സന്ദേശമായിരിക്കും. കൂടിയാൽ നാലോ അഞ്ചോ പേജാ യിരിക്കും. അതിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) പ്രവാചകന്മാരെ പരാമർശിച്ചുകൊണ്ട് ഉദാഹരണം നൽകുന്നു. അഥവാ ഏതെങ്കിലും ഭര ണകൂടത്തിന്റെ പേരിൽ ആരെങ്കിലു വ്യാജനിയമം ഉണ്ടാക്കി പ്രചരിപ്പിക്കു കയും, സ്വയം തന്നെ ഭരണകൂടത്തിന്റെ പ്രതിനിധിയായി സ്ഥാപിക്കുക യും ചെയ്യുകയാണെങ്കിൽ, അല്ലെങ്കിൽ അതിന് ശ്രമിക്കുകയാണെങ്കിൽ ഗവർമെന്റിന്റെ സംവിധാനം ഇടപെട്ട് അങ്ങിനെയുള്ള വ്യക്തിക്കോ, പ്രസ്ഥാനത്തിനോ എതിരായി നടപടി എടുക്കുന്നു. അപ്പോൾ അല്ലാഹു തന്നെ സംബന്ധിച്ച് തെറ്റായ കാര്യങ്ങൾ പറയപ്പെടുന്നതിനെ സഹിക്കുക യും പൂർണ്ണസ്വാതന്ത്ര്യം നൽകുകയും ചെയ്യുക സാധ്യമാണോ? പ്രവാച കന്മാർ അല്ലാഹുവിൽ നിന്ന് സന്ദേശം കൊണ്ടുവരുന്നത് വാദിക്കുമ്പോൾ, അവരുടെ പ്രസ്ഥാനം വളരുമ്പോൾ, അത് തെളിയിക്കുന്നത് ആ പ്രസ്ഥാ നം അല്ലെങ്കിൽ അവർ അല്ലാഹുവിൽ നിന്നാണെന്നതാണ്. അതിനാൽ ലോകത്ത് സമാധാനം നിലനിൽക്കുന്നതിനായി അല്ലാഹുവിനാൽ നിയോ ഗിതരായവരെ ബഹുമാനിക്കേണ്ടതാണ്. സമാധാനം എങ്ങിനെയുള്ളതാ യിരിക്കണം, പ്രവാചകന്മാരുടെ സ്ഥാനം എന്താണ് എന്നതിനെക്കുറിച്ച് ആ മഹാത്മാവ് പ്രതിപാദിച്ച ഒരു ഭാഗം ഞാൻ പരാമർശിക്കുകയാണ്. അങ്ങ് പറയുന്നു,

അല്ലാഹുവിന്റെ സനാതന ചര്യയിലും ഇതേ നിയമം തന്നെയാണ്. അതാ യത് ഭൗതീക ഭരണകൂടവും തങ്ങളെ സംബന്ധിച്ച് പറയാത്ത കാര്യം പറ ഞ്ഞാൽ സഹിക്കില്ല എന്ന നിയമം. അപ്പോൾ അല്ലാഹു എങ്ങിനെയാണ് സഹിക്കുക.പറയുന്നു,

അല്ലാഹുവിന്റെ സനാതന ചര്യയിലും ഇതേ നിയമം തന്നെയാണുള്ളത്. വ്യാജ പ്രവാചകത്വം വാദിക്കുന്നവന് അവൻ സാവകാശം നൽകുന്നതല്ല. മറിച്ച്, അങ്ങിനെയുള്ള വ്യക്തി വേഗത്തിൽ പിടിക്കപ്പെടുകയും ശിക്ഷ യ്ക്ക് പാത്രീഭൂതനാകുകയും ചെയ്യുന്നു. ഈ നിയമത്തെ പരിഗണിച്ചു കൊണ്ട്, ഏതെങ്കിലും കാലഘട്ടത്തിൽ ആരെങ്കിലും പ്രവാചകത്വം വാദി ക്കുകയും പിന്നീട് ആ വാദം വേരുറക്കുകയും അവരുടെ മതം ലോകത്ത് പ്രചരിക്കുകയും പ്രബലത കൈവരിക്കുകയും അതിന് ദീർഘായുസ്സ് ലഭിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ അങ്ങിനെയുള്ളവരെയെല്ലാം നാം ആദരവോടു കൂടി കാണേണ്ടതാണ്. അഥവാ നാം അവരുടെ മത ഗ്രന്ഥ ങ്ങളിൽ തെറ്റുകൾ കാണുകയോ, അല്ലെങ്കിൽ പ്രസ്തുത മതത്തിന്റെ അനുയായികൾ തിന്മയിൽ മുഴുകിയവരായോ കാണുന്നുവെങ്കിൽ അതി ന്റെ എല്ലാ ആരോപണങ്ങളും ആ മതസ്ഥാപകരിൽ നാം ഉന്നയിക്കരുത്. കാരണം ഗ്രന്ഥങ്ങളിൽ കൈകടത്തലുകൾ ഉണ്ടാകാവുന്നതാണ്. വ്യാഖ്യാ നങ്ങളിൽ തെറ്റിദ്ധാരണകൾ കടന്നു കൂടുക എന്നതും സാധ്യമാണ്. എന്നാൽ സ്പഷ്ടമായ നിലയിൽ അല്ലാഹുവിൽ കറ്റുകെട്ടി പറഞ്ഞു കൊണ്ട് താൻ അവന്റെ നബിയാണെന്ന് വാദിക്കുകയും, ദൈവീക വച നമാണെന്ന് പറഞ്ഞുകൊണ്ട് സ്വന്തം വചനങ്ങൾ സമർപ്പിക്കുകയും ചെ യ്യുന്ന ഒരു വ്യക്തി, അയാൾ നബിയുമല്ല ആ വചനങ്ങൾ ദൈവീകവചന ങ്ങളുമല്ലായെങ്കിൽ പിന്നെ അല്ലാഹു അയാൾക്ക് സത്യവാന്മാരെ പോലെ സാവകാശം നൽകുകയും സത്യവാന്മാരെ പോലെ അയാളുടെ സ്വീകാര്യ തയെ പ്രചരിപ്പിക്കുകയും ചെയ്യുക എന്നത് ഒരിക്കലും സംഭവ്യമല്ല.

അതിനാൽ ആരുടെ മതമാണോ വേരുറക്കുകയും ആയുസ്സ് കരസ്ഥമാ ക്കുകയും കോടിക്കണക്കിന് ജനങ്ങൾ പ്രസ്തുത മതത്തിൽ പ്രവേശിക്കു കയും ചെയ്തിട്ടുള്ളത് അങ്ങിനെയുള്ള എല്ലാ പ്രവാചകന്മാരെയും സത്യപ്രവാചകന്മാരായി അംഗീകരിക്കുക എന്ന അടിസ്ഥാന പ്രമാണം വളരെ ഉത്തമവും അനുഗ്രഹീതവും അതോടൊപ്പം രഞ്ജിപ്പിന് അടിത്തറയിടുന്നതുമാകുന്നു. ഇത് അതിമഹത്തായ പ്രമാണമാകുന്നു. മുഴുലോകവും ഈ പ്രമാണത്തെ അനുധാവനം ചെയ്യുകയാണെങ്കിൽ ആയിരക്കണക്കിന് കലഹങ്ങളും പൊതു സമാധാന സ്ഥാപനത്തിന് വിഘാധമായിട്ടുള്ള മതനിന്ദയും ഇല്ലാതായിത്തീരുന്നതാണ്. ഏതെങ്കിലും മതത്തിന്റെ അനുയായികളെ സ്വന്തം ബുദ്ധിയിൽ വ്യാജരും കറ്റുകെട്ടു കാരുമാണെന്ന് ധരിക്കുന്നയാൾ ആ ചിന്ത കാരണത്താൽ ധാരാളം കലഹ ങ്ങൾക്ക് അടിത്തറ പാകുന്നു എന്നത് സ്പഷ്ടമാണ്. തീർച്ചയായും അയാൾ അപമാനിക്കുക എന്ന അപരാധത്തിൻ കീഴിൽ വരുകയും, പ്രസ്തുത നബിയുടെ മഹത്വത്തിനെതിരിൽ വളരെ ധിക്കാരപരമായ ഭാഷ ഉപയോഗിക്കുകയും സംസാരങ്ങളെ അസഭ്യതയിലേക്കെത്തിക്കു കയും ചെയ്യുന്നു. അങ്ങിനെ രഞ്ജിപ്പിനും പൊതു സമാധാന സ്ഥാപന ത്തിനും തടസ്സമായി നിലകൊള്ളുന്നു. എന്നാൽ അവരുടെ ധാരണ തിക ച്ചും തെറ്റായിരിക്കും. അവർ തങ്ങളുടെ ധിക്കാരപരമായ സംസാരങ്ങ ളാൽ അല്ലാഹുവിന്റെ ദൃഷ്ടിയിൽ അതിക്രമിയാകുന്നു. കാരുണ്യവാനും അനുഗ്രഹദാതാവുമായ അല്ലാഹു ഒരു വ്യാജവാദിക്ക് അകാരണമായി പ്രശസ്തി നൽകി കൊണ്ടും അയാളുടെ മതത്തിന്റെ വേരുറപ്പിച്ചു കൊണ്ടും ജനങ്ങളെ ചതിക്കുവാൻ ഒരിക്കലും ഇഷ്ടപ്പെടുകയില്ല തന്നെ. ഒരു വ്യക്തി കറ്റുകെട്ടുകാരനും വ്യാജവാദിയുമായിരിക്കെ ലോക ത്തിന്റെ ദൃഷ്ടിയിൽ സത്യപ്രവാചകന്മാർക്ക് സമാനനാകുക എന്നത് അവ ൻ അനുവദിക്കുന്നതല്ല.

ചുരുക്കത്തിൽ കോടിക്കണക്കിന് ഹൃദയങ്ങളിൽ അല്ലാഹു അവരുടെ ആദരവും ബഹുമാനവും സ്ഥാപിക്കുകയും, അവരുടെ മതങ്ങളുടെ വേരുറപ്പിക്കുകയും, നൂറ്റാണ്ടുകളോളം പ്രസ്തുത മതം നിലനിന്നു വരി കയും ചെയ്യുന്നുവെങ്കിൽ ലോകത്തവതരിച്ച അങ്ങിനെയുള്ള എല്ലാ പ്രവാചകന്മാരെയും - അവർ ഇന്ത്യയിലോ പേർഷ്യയിലോ ചൈനയിലോ അല്ലെങ്കിൽ മറ്റേതെങ്കിലും രാഷ്ട്രത്തിലോ വെളിപ്പെട്ടതായിക്കൊള്ളട്ടെ- സത്യവാന്മാരായി കണക്കാക്കുകയാണെങ്കിൽ ഈ അടിസ്ഥാന പ്രമാണം അത്യധികം മനോഹരവും ശാന്തിദായകവും രഞ്ജിപ്പിന് അടിസ്ഥാനമിടു ന്നതും ധാർമിക അവസ്ഥകളെ സഹായിക്കുന്നതുമായിരിക്കും. ഈയൊ രു അടിസ്ഥാന തത്വമാണ് ഖുർആൻ നമ്മെ പഠിപ്പിച്ചത്. ഇതേ തത്വത്തി ന്റെ അടിസ്ഥാനത്തിൽ ആരുടെ ജീവിതമാണോ പ്രസ്തുത നിർവചന ത്തിന്റെ പരിധിയിൽ വരുന്നത് അത്തരത്തിലുള്ള എല്ലാ മതഗുരുക്കന്മാ രെയും അവർ ഹിന്ദു മതത്തിന്റെയോ, പേർഷ്യൻ മതത്തിന്റെയോ, ചൈ നീസ് മതത്തിന്റെയോ, യഹൂദ മതത്തിന്റെയോ, ക്രിസ്തു മതത്തിന്റെയോ ഗുരുക്കന്മാരായിക്കൊള്ളട്ടെ ആദരവോടു കൂടി കാണുന്നത്. എന്നാൽ നമ്മുടെ എതിരാളികൾക്ക് നമ്മോട് ഇത്തരത്തിൽ പെരുമാറാൻ കഴിയു ന്നില്ല എന്നത് പരിതാപകരം തന്നെ. അല്ലാഹു ഒരു വ്യാജനബിക്ക് ഒരിക്ക ലും തന്നെ ഒരു സത്യനബിക്ക് നൽകുന്നതു പോലുള്ള അനുഗ്രഹവും ആദരവും നൽകുന്നതല്ല എന്നും വ്യാജനബിയുടെ മതം സത്യനബിയു ടെ മതത്തെ പോലെ വേര് പിടിക്കുകയും ആയുസ്സ് കരസ്ഥമാക്കുകയും ചെയ്യുന്നതല്ലായെന്നുമുള്ള അല്ലാഹുവിന്റെ പരിശുദ്ധവും മാറ്റമില്ലാത്ത തുമായ നിയമം അവർക്കറിയില്ലേ? അതിനാൽ സമുദായത്തിന്റെ പ്രവാച കന്മാരെ വ്യാജരായി ചിത്രീകരിച്ചു കൊണ്ട് അസഭ്യം പറഞ്ഞു കൊണ്ടിരി ക്കുന്നവർ സദാ രഞ്ജിപ്പിന്റെയും സമാധാനത്തിന്റെയും ശത്രുക്കളാ കുന്നു. കാരണം സമുദായത്തിന്റെ മഹത്‌വ്യക്തികളെ അസഭ്യം പറയുക എന്നതിനേക്കാൾ കലാപഹേതുവായ മറ്റൊരു കാര്യവും ഇല്ല തന്നെ.

പലപ്പോഴും തങ്ങളുടെ മതഗുരുക്കന്മാർക്കെതിരിൽ അസഭ്യം കേൾക്കു ന്നതിനെക്കാൾ മരണമാണ് മനുഷ്യർ ഇഷ്ടപ്പെടുക. അഥവാ നമുക്കേതെ ങ്കിലും മതാദ്ധ്യാപനങ്ങളിൽ ആക്ഷേപം ഉണ്ടെങ്കിൽ പ്രസ്തുത മതപ്രവാ ചകനെ അപമാനിക്കരുത്. പ്രത്യുത, ആ സമുദായത്തിന്റെ നിലവിലുള്ള പ്രവർത്തന രീതിയിൽ അക്ഷേപം ഉന്നയിക്കാവുന്നതാണ്. അതായത്, ആ

സമുദായത്തിൽ തെറ്റുകളുണ്ടെങ്കിൽ ആ സമുദായത്തിന്റെ തെറ്റിനെ ചൂണ്ടിക്കാണിക്കാം.നബിമാരെ ആക്ഷേപിക്കരുത്. പറയുന്നു, അല്ലാഹുവിൽ നിന്ന് കോടിക്കണക്കിന് മനുഷ്യരുടെ ആദരവ് പിടിച്ചു പറ്റുകയും നൂറ്റാണ്ടുകളായി അവരുടെ സ്വീകാര്യത നിലനിന്നു വരികയും ചെയ്യുന്നു എന്നതാണ് ഒരു പ്രവാചകൻ അല്ലാഹുവിൽ നിന്നുള്ളതാണെന്നതിന്റെ ശക്തിമത്തായ തെളിവ് എന്നത് ദൃഢമായും വിശ്വസിച്ചു കൊള്ളുക. അഥവാ അവർ അല്ലാഹുവിനാൽ സ്വീകാര്യനല്ലായെങ്കിൽ ഇത്രകണ്ട് ആദരവ് ലഭിക്കില്ല. കറ്റുകെട്ടുകാരന് ആദരവ് നൽകുകയും കോടിക്കണക്കിന് ദാസരിൽ അയാളുടെ മതത്തെ പ്രചരിപ്പിക്കുകയും ഒരു നീണ്ട കാലം വരെ പ്രസ്തുത വ്യാജമതത്തെ സംരക്ഷിക്കുക എന്നതും അല്ലാഹുവിന്റെ രീതിയല്ല. അത്നാൽ ലോകത്ത് പ്രചരിക്കുകയും നിലയുറപ്പിക്കുകയും ആദരവും ആയുസ്സും കരസ്ഥമാക്കുകയും ചെയ്ത മതം അതിന്റെ അടിസ്ഥാന പ്രമാണങ്ങളനുസരിച്ച് ഒരിക്കലും വ്യാജ മതമാവില്ല. ആ അദ്ധ്യാപനം ആക്ഷേപാർഹമാണെങ്കിൽ അതിന്റെ കാരണം ഇവയാകുന്നു, മൂന്ന് കാരണങ്ങളാണ് അതിന്റേതായി ആ മഹാത്മാവ് പറഞ്ഞിട്ടുള്ളത്. പറയുന്നു, അതിന്റെ കാരണമിതാണ്, ഒന്ന് പ്രസ്തുത നബിയുടെ നിർദ്ദേശങ്ങളിൽ കൈകടത്തലുകൾ നടത്തിയിരിക്കാം. അതായത് നബി നൽകിയ നിർദ്ദേശങ്ങളെ മാറ്റി മറിച്ചു. രണ്ടാമത്, അല്ലെങ്കിൽ ആ നിർദേശങ്ങളെ വ്യാഖ്യാനിക്കുന്നതിൽ തെറ്റ് സംഭവിച്ചത് കാരണമാകാം. അതിന് തെറ്റായ വ്യാഖ്യാനം നൽകി. മൂന്നാമത്തെ കാര്യം, അല്ലെങ്കിൽ സ്വയം നാം ഉന്നയിക്കുന്ന ആക്ഷേപം ശരിയായിരിക്കില്ല. ഒരു കാര്യം മനസ്സിലായില്ലെങ്കിൽ ആക്ഷേപിക്കുന്നു. ഇക്കാലത്ത് നബിﷺയുടെ വ്യക്തിത്വത്തിൽ ആക്ഷേപം ഉന്നയിക്കുന്നത് പോലെ. ചരിത്രം വായിച്ചിട്ടില്ല, സംഭവങ്ങളും വായിച്ചിട്ടില്ല, ഖുർആനും മനല്ലിലാക്കിയിട്ടില്ല. പറയുന്നു, ചില പാതിരി സാഹിബുമാർ തങ്ങളുടെ അജ്ഞത നിമിത്തം തൗറാത്തിലെ നേരായതും ദൈവീകവുമായി വിശ്വസിക്കുന്ന അധ്യപനങ്ങളിൽ വിശുദ്ധഖുർആനെ സംബന്ധിച്ച് ആക്ഷേപം ഉന്നയിക്കുന്നതായി കാണുന്നു. അത്തരത്തി ലുള്ള ആക്ഷേപം സ്വയം അവരുടെ തെറ്റോ അല്ലെങ്കിൽ തിടുക്കമോ ആകാം.

പറയുന്നു, ചുരുക്കത്തിൽ ഏത് പ്രവാചകന്മാരുടെ സത്യത്തെ സംബന്ധിച്ചാണോ കോടിക്കണക്കിന് ജനങ്ങൾ നൂറ്റാണ്ടുകളായി വിശ്വസമർപ്പിച്ച് വന്നിട്ടുള്ളതും ആരംഭം മുതൽക്കു തന്നെ അല്ലാഹുവിന്റെ സഹായങ്ങൾ അവരോടൊപ്പം ഉള്ളതും അങ്ങിനെയുള്ള പ്രവാചകന്മാരെ ഒരിക്കലും വ്യജനായി വിധിക്കരുത്. ഈ അടിസ്ഥാന തത്വത്തിലാണ് ലോകത്തിന്റെ നന്മയും, ശാന്തിയും, രഞ്ജിപ്പും, ദയഭക്തിയും, ദൈവഭയവും കുടികൊള്ളുന്നത്. ഒരു സത്യാന്വേഷി അയാൾ ഏഷ്യക്കാരനോ യൂറോപ്പനെ ആയിക്കൊള്ളട്ടെ നമ്മുടെ ഈ അടിസ്ഥാന തത്വം ഇഷ്ടപ്പെടുകയും തങ്ങളുടെ അടിസ്ഥാന തത്വം എന്തുകൊണ്ടിങ്ങനെ ആയില്ല എന്നതിൽ ദുഖം പ്രകടിപ്പിക്കുകയും ചെയ്യും എന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു.

രാജ്ഞിക്കെഴുതുന്നു, ഞാൻ ഈ അടിസ്ഥാന പ്രമാണത്തെ ഇന്ത്യയുടെയും ഇംഗ്ലണ്ടിന്റെയും ആദരവായ കൈസറ രാജ്ഞിയുടെ സമക്ഷത്തിൽ സമർപ്പിച്ചു കൊണ്ട് പറയുന്നു, ലോകത്ത് സമാധാനം നിലനാട്ടുന്ന ഒരേയൊരു അടിസ്ഥാന പ്രമാണം ഞങ്ങളുടെത് മാത്രമാകുന്നു. സുന്ദരവും ഹൃദയഹാരിയുമായ ഈ അടിസ്ഥാന തത്വത്തെ പ്രത്യേകമായി കൂടെ നിലനിർത്തുന്നു എന്നതിൽ ഇസ്ലാമിനും അഭിമാനിക്കാം. അല്ലാഹുവിന്റെ അനുഗ്രഹം ഒരു ലോകത്തെ അനുയായികളാക്കുകയും, നൂറ്റാണ്ടുകളായി അവരുടെ മുന്നിൽ രാജാക്കന്മാരുടെ കഴുത്തുകളെ കുനിച്ചു കൊണ്ടു വരികയും ചെയ്യുന്ന നിലയിലുള്ള മഹത്തുക്കളെ അപമാനിക്കുക എന്നത് നമുക്ക് യോജിച്ചതാണോ? ദൈവത്തെ സംബന്ധിച്ച്, അവൻ വ്യാജന്മാർക്ക് സത്യവാന്മാരുടെ പ്രതാപം നൽകിക്കൊണ്ടും, സത്യവാന്മാരെ പോലെ കോടിക്കണക്കിന് ജനങ്ങളുടെ ഗുരുക്കന്മാരാക്കിക്കൊണ്ടും, അവരുടെ മതത്തിന് ദീർഘായുസ്സ് നൽകിക്കൊണ്ടും, അവരുടെ മതത്തെ പിന്തുണച്ചു കൊണ്ട് ആകാശീയ അടയാളങ്ങൾ പ്രകടമാക്കി കൊണ്ടും ലോകത്തെ ചതിക്കുവാൻ ആഗ്രഹിക്കുന്നു എന്ന ദുർഭാവന വെച്ചുപുലർത്തുന്നത് നമുക്ക് അഭികാമ്യമാണോ? അഥവാ അല്ലാഹുതന്നെ നമ്മെ ചതിക്കുകയാണെങ്കിൽ പിന്നെ എങ്ങിനെയാണ് നാം നേർമാർഗത്തേയും ദുർമാർഗത്തേയും വേർതിരിച്ചറിയുക?

ഇത് വളരെ പ്രാധാന്യമർഹിക്കുന്ന വസ്തുതയാണ്. വ്യാജനബിയുടെ പ്രൗഢിയും സ്വീകാര്യതയും മഹത്വവും സത്യവാന്മാരുടെതു പോലെ പ്രചരിക്കാവതല്ല. വ്യാജരുടെ പദ്ധതികളിൽ സത്യവാന്മാരുടെ പ്രവർത്തനങ്ങളിൽ സംജാതമാകേണ്ടുന്ന പ്രഭ ഉണ്ടാകാൻ പാടില്ല. അതിനാൽ അല്ലാഹുവിന്റെ ശാശ്വതമായ പിന്തുണയുടെ ശൃംഖല അവരോടൊപ്പം ഉണ്ടായിരിക്കുകയും അല്ലാഹു അവരുടെ മതത്തിന്റെ ചെടിയെ കോടിക്കണക്കിന് ഹൃദയങ്ങളിൽ നടുകയും ആയുസ്സ് നൽകുകയും ചെയ്യുന്നു എന്നതാണ് സത്യവാന്മാരുടെ ഒന്നാമത്തെ അടയാളം. അക്കാരണത്താൽ ഏത് നബിയുടെ മതത്തിലാണോ നാം പ്രസ്തുത അടയാളങ്ങൾ ദർശിക്കുന്നത്, നാം നമ്മുടെ മരണത്തിന്റെയും നീതിയുടെയും ദിനത്തെ സ്മരിച്ചു കൊണ്ട് അത്തരത്തിലുള്ള മഹാന്മാരായ മതഗുരുക്കന്മാരെ അപമാനിക്കരുത്. പ്രത്യുത, ശരിയായ നിലയിൽ ആദരിക്കുകയും സ്നേഹിക്കുകയും ചെയ്യുക. ചുരുക്കത്തിൽ അല്ലാഹു നമ്മെ പഠിപ്പിച്ച പ്രഥമ അടിസ്ഥാന തത്വമാണിത്. അതിലൂടെ നാം ഉന്നത ധാർമിക ഗുണത്തിന് അവകാശിയായിരിക്കുന്നു.

വിവിധ മതങ്ങളുടെ വക്താക്കൾ തങ്ങളുടെ മതങ്ങളുടെ ശ്രേഷ്ഠതകൾ വിവരിക്കുന്ന കോൺഫറൻസുകളും സംഘടിപ്പിക്കേണ്ടതാണെന്നും ആ മഹാത്മാവ് പറയുകയുണ്ടായി. ഇക്കാലഘട്ടത്തിൽ നോക്കുകയാണെങ്കിൽ പ്രവർത്തി രൂപത്തിൽ ഇസ്ലാം പ്രഥമ മതമാണ്. അംഗസംഖ്യയിൽ ഏതായാലും ലോകത്തെ രണ്ടാമത്തെ വലിയ മതമാണ്. അതുകൊണ്ട് എന്തായാലും ലോകത്തുള്ള മറ്റു മതവിഭാഗക്കാർ മുസ്ലിംകളെ ബഹുമാനിക്കേണ്ടതാണ്. റസൂൽ തിരുമേനിﷺയോടുള്ള അന്തസ്സിന്റേയും ബഹുമാന്യതയുടേയും അവകാശം നിറവേറ്റാൻ ശ്രമിക്കേണ്ടതാണ്. അല്ലെങ്കിൽ കലഹങ്ങളും അശാന്തിയും ലോകത്ത് ഉടലെടുക്കുന്നതാണ്. നാം ലോകത്തുള്ള മതങ്ങളെ ആദരിക്കുകയും ബഹുമാനിക്കുന്നു, അവയുടെ ഗുരുക്കന്മാരേയും പ്രവാചകന്മാരേയും ദൈവനിയോഗിതരായി മനസ്സിലാക്കുന്നു. വിശുദ്ധഖുർആൻ നമുക്ക് നൽകിയ, നബിതിരുമേനിﷺ നമ്മെ പഠിപ്പിച്ച ഈയൊരു ഹൃദ്യമായ അദ്ധ്യാപനത്താൽ തന്നെ, ഇസ്ലാമിന്റെ ശത്രുക്കൾ നബിﷺനെതിരിൽ അനുചിതമായ വാക്കുകൾ പ്രയോഗിച്ചിട്ടും അസഭ്യമായ ചിത്രങ്ങൾ വരച്ചിട്ടും മറുപടിയെന്നോണം നാം ഒരു മതത്തിന്റേയും മഹാത്മാക്കൾക്കും നബിമാർക്കുമെതിരിൽ തെറ്റായ വാക്കുകൾ ഉച്ചരിക്കുന്നുമില്ല പരിഹസിക്കുന്നുമില്ല. എന്നിട്ടും മുസ്ലിംകൾ സമാധാനധ്വംസകരാണെന്ന് പറഞ്ഞ് ഇരകളാക്കുന്നു. ആദ്യം സ്വയം ഇവർ തന്നെ സമാധാനം കെടുത്തുന്ന പ്രവർത്തനങ്ങൾ ചെയ്യുന്നു. വികാരത്തെ ഉത്തേജിപ്പിക്കാൻ ശ്രമിക്കുന്നു. പിന്നീട് വികാരം ജ്വലിക്കുമ്പോൾ പറയുന്നു. നോക്കുക, മുസ്ലിംകൾ തീവ്രവാദികളാണ്. ഇവർക്കെതിരിൽ എല്ലാ നടപടികളും സ്വീകരിക്കുക. കഴിഞ്ഞ ഖുത്ബയിൽ ഞാൻ പറഞ്ഞതുപോലെ, മുസ്ലിംകൾ ഒറ്റക്കെട്ടായി നിൽക്കുന്നില്ല എന്നതാണ് ഇസ്ലാമിന്റെ വിരോധികൾക്ക് ഇതെല്ലാം ചെയ്യുന്നതിനുള്ള ധൈര്യം ഉണ്ടാകാൻ കാരണം. എന്നാൽ അല്ലാഹു വാഗ്ദത്ത മഹ്ദിയുടെയും മസീഹിന്റേയും കയ്യിൽ ഒരുമിച്ചു കൂട്ടിയിരിക്കുന്ന അഹ്മദി മുസ്ലിംകളായ നമ്മുടെ ജോലി ലോകത്തിന് യഥാർത്ഥ ഇസ്ലാമിക അദ്ധ്യാപനത്തെക്കുറിച്ചുള്ള അറിവ് ലഭിക്കുന്നതിനായി ലോകത്തിന് നേർമാർഗ്ഗം കാണിച്ചു കൊടുക്കുക, ശാന്തിയുടേയും സമാധാനത്തിന്റേയും മാർഗ്ഗം പറഞ്ഞു കൊടുക്കുക, ഞാൻ വായിച്ച ഹദ്റത്ത്

മസീഹ് മൗഊദ് (അ) ന്റെ സന്ദേശത്തെ കൂടുതലായി പ്രചരിപ്പിക്കുക എന്നതാണ്. നമ്മുടെ ഹൃദയത്തിൽ, ഒരു യഥാർത്ഥ മുസ്‌ലിമിന്റെ ഹൃദയത്തിൽ തിരുനബി(സ)യ്കുള്ള സ്ഥാനം എന്താണെന്നും, നബിﷺയുടെ അദ്ധ്യാപനവും അങ്ങയുടെ സൽമാതൃകയും എത്രമാത്രം ഹൃദയഹാരിയാണെന്നും എത്ര മനോഹരിതയാണിതിലുള്ളതെന്നും ഭൗതീകർക്കറിയില്ല. ഒരു യഥാർത്ഥ മുസ്‌ലിമിന് നബിﷺയോട് എത്രത്തോളം സ്നേഹവും പ്രേമവുമാണ് എന്നതിനെ സംബന്ധിച്ച് അവർക്ക് സങ്കൽപ്പിക്കുക പോലും സധ്യമല്ല. നബി(സ)യോടുള്ള സ്നേഹത്തിന്റേയും പ്രേമത്തിന്റേയും പ്രകടനം ഇന്നേക്ക് 1400 വർഷം മുമ്പ് ഹദറത്ത് ഹസ്സനിബ്നു സാബിത് (റ) തന്റെ ഒരു കവിത ശകലത്തിലൂടെ മാത്രമല്ല വെളിപ്പെടുത്തിയത്. അദ്ദേഹം പറഞ്ഞു.

**കുൻതസ്സവാദുലിനാളിരി ഫഅമീഅലൈക്കന്നാളിമു**

**മനശാഅ ബഅദക്ക ഫൽയമുത് ഫഅലൈക്ക് കുൻതു ഉഹാദ്ദിറു**

അതായത് അല്ലയോ മുഹമ്മദ് റസൂലുല്ലാഹ്(സ) താങ്കൾ എന്റെ കണ്ണിലെ കൃഷ്ണമണിയായിരുന്നു. ഇന്ന് താങ്കളുടെ മരണത്താൽ ഞാൻ അന്ധനായിരിക്കുന്നു. താങ്കളുടെ മരണശേഷം ഇനി ആര് മരിച്ചാലും എനിക്ക് ഒരു പ്രശ്നവുമില്ല. ഞാൻ താങ്കളുടെ മരണത്തെയാണ് ഭയപ്പെട്ടിരുന്നത്. ഈ കവിത നബിﷺയുടെ വഫാത്തിന് ശേഷം ഹസാനിബ്നു സാബിത്ത് ആണ് പാടിയത്. എന്നാൽ ഈ കാലഘട്ടത്തിലും ഹദ്റത്ത് മസീഹ് മൗഊദ്(അ) നബിﷺ തിരുമേനിയോടുള്ള സ്നേഹത്തിലും അനുരക്തിയിലും അഗാതതയിലേക്ക് ആഴ്ന്നിറങ്ങി. നമ്മുടെ ഹൃദയങ്ങളിൽ സ്നേഹത്തിന്റേയും അനുരക്തിയുടേയും ദീപം തെളിയിച്ചു. ഒരിടത്ത് പ്രസ്തുത സ്നേഹത്തിന്റേയും അനുരക്തിയുടേയും അവസ്ഥ വിവരിച്ചുകൊണ്ട് ആ മഹാത്മാവ് പറയുന്നു, ഒരു നീണ്ട ഖസീദയുണ്ട്. അതിലെ ചില വരികളാണ്.

قَـوْمٌ رَأَوْکَ وَ اُمَّـةٌ قَـدْ اُخْبِـرَتْ     مِـنْ ذٰلِکَ الْبَـدْرِ الَّذِیْ اَصْبَـانِیْ

ഒരു സമൂഹം അങ്ങയെ കണ്ടറിഞ്ഞു. എന്നെ അനുരക്തനാക്കിയ ആ പൂർണ്ണചന്ദ്രനെക്കുറിച്ച് മറ്റൊരു സമുദായത്തിന് വിവരം നൽകപ്പെടുകയും ചെയ്തു.

یَبْـکُـوْنَ مِنْ ذِکْرِ الْجَمَالِ صَبَابَةً     وَ تَـاَلُّـمًـا مِّنْ لَّوْعَةِ الْهِجْرَانِ

അങ്ങയുടെ സൗന്ദര്യം ഓർത്തോർത്ത് പ്രേമവായ്പ്പ് നിമിത്തവും വിരഹവേദന കൊണ്ടുണ്ടായ ദുഖഭാരത്താലും അവർ കണ്ണുനീരൊഴുക്കിക്കൊണ്ടിരിക്കുന്നു.

وَأَرَی الْقُلُوْبَ لَدَی الْحَنَاجِرِ کُرْبَةً     وَأَرَی الْغُرُوْبَ تُسِیْلُهَا الْعَیْنَانِ

അസ്വസ്ഥചിത്തരായിക്കൊണ്ട് കണ്ഠനാളത്തിലെത്തിയിരിക്കുന്ന ഹൃദയങ്ങളെ ഞാൻ കാണുന്നു. കണ്ണുകൾ കണ്ണുനീർ ഒഴുക്കിക്കൊണ്ടിരിക്കുന്നതായി ഞാൻ കാണുന്നു.

ഈ സുദീർഘമായ ഖസീദയുടെ അവസാന വരി ഇപ്രകാരമാണ്. ഇപ്പോൾ നമ്മുടെ കുട്ടികൾക്ക് പോലും ഈ ഖസീദ മനപാഠമാണ്.

جِسْمِیْ یَطِیْرُ إِلَیْکَ مِنْ شَوْقٍ عَلَا     یَـالَیْـتَ کَـانَـتْ قُوَّةُ الطَّیَرَانِ

ആവേശാധിക്യത്താൽ അങ്ങയുടെ സന്നിധിയിലേക്ക് പറന്നെത്തുന്നതിന് എന്റെ ദേഹം വെമ്പൽ കൊള്ളുകയാണ്. എനിക്ക് പറക്കാനുള്ള കെൽപ്പുണ്ടായിരുന്നെങ്കിൽ എന്ന് ഞാൻ ആശിച്ചു പോകുന്നു.

ചുരുക്കത്തിൽ നബിﷺയോട് ഇത്തരത്തിലുള്ള സ്നേഹത്തിന്റേയും അനുരക്തിയുടേയും പാഠമാണ് നമുക്ക് നൽകപ്പെട്ടിട്ടുള്ളത്. നിസ്സാര തമാശകളിലൂടെ എന്ത് കുഴപ്പമാണ് ഉണ്ടാക്കുക എന്നാണ് ഭൗതീകർ പറയുന്നത്. ധാർമ്മിക നിലവാരം ഉയരുന്നതിന് പകരം അധപതനത്തിലേക്ക് എത്തുന്ന അവസ്ഥ സംജാതമാകുമ്പോഴാണ് ലോകത്തിന്റെ സമാധാനം നഷ്ടമാകുന്നത്. എന്നാൽ ഞാൻ പറഞ്ഞതുപോലെ, നമ്മുടെ ജോലി നബിതിരുമേനിﷺയുടെ ജീവിതത്തിന്റെ വ്യത്യസ്ത വശങ്ങൾ ലോകത്തിന് മുമ്പിൽ സമർപ്പിക്കുന്നതിനായി കൂടുതൽ കൂടുതൽ പരിശ്രമിക്കുക എന്നതാണ്. അതിനായി നബിﷺയുടെ ജീവിതത്തെ സംക്ഷിപ്തവും എന്നാൽ വിശദവുമായ നിലയിൽ പ്രതിപാദിക്കുന്ന ഗ്രന്ഥമായ ലൈഫ് ഓഫ് മുഹമ്മദ് അല്ലെങ്കിൽ ദീബാച്ച തഫ്സീറുൽ ഖുർആന്റെ ചരിത്രത്തെ പരാമർശിക്കുന്ന ഭാഗം ഓരോ അഹ്മദിയും വായിക്കേണ്ടതാണ്. അതിൽ ജീവിതത്തിന്റെ മിക്കവാറും എല്ലാ വശങ്ങളും പരാമർശവിധേയമാണ്. അല്ലെങ്കിൽ അനിവാര്യവശങ്ങൾ പരാമർശവിധേയമാണെന്ന് പറയാൻ കഴിയും. പിന്നീട് തങ്ങളുടെ ആവേശവും താൽപര്യവും അനുസരിച്ച് മറ്റ് ജീവചരിത്രഗ്രന്ഥങ്ങളും വായിക്കുക. എന്നിട്ട് വിവിധ മാർഗ്ഗങ്ങളിലൂടെ, ബന്ധങ്ങളിലൂടെ, ലേഖനങ്ങളിലൂടെ, പാംഫ്ളറ്റ്സിലൂടെ, നബി തിരുമേനിﷺയുടെ സൗന്ദര്യത്തേയും ഔദാര്യത്തേയും ലോകത്തിന് പരിചയപ്പെടുത്തി കൊടുക്കുക. അല്ലാഹു ഈ സുപ്രധാന ജോലിയേയും ബാധ്യതയേയും നിറവേറ്റുന്നതിനുള്ള തൗഫീഖ് ഓരോ അഹ്മദിക്കും നൽകുമാറാകട്ടെ. ലോകം അശാന്തിയിൽ നിന്ന് രക്ഷപ്പെടുന്നതിനായി, അല്ലാഹുവിന്റെ ശിക്ഷയിൽ നിന്നും രക്ഷപ്പെടുന്നതിനായി, ഇത്തരത്തിലുള്ള അനാവശ്യവും അക്രമപരവുമായി പരിഹസിക്കുന്നവരുടെ അല്ലെങ്കിൽ ശത്രുത പ്രകടിപ്പിക്കുന്നവരുടെ ബുദ്ധിയെ നിരാകരിക്കുന്ന വിവേകം ലോകത്തിന് നൽകുമാറാകട്ടെ. അല്ലാഹു അങ്ങിനെ ആക്കിത്തീർക്കുമാറാകട്ടെ.

ജുമുഅ നമസ്കാരത്തിന് ശേഷം ഞാനൊരു ജനാസ നമസ്കരിപ്പിക്കുന്നതാണ്. ജനാസ ഹാളിർ ആണ്. ഇത് ബഹുമാന്യ നസറുല്ലാ ഖാൻ നാസർ സാഹിബിന്റെ ജനാസയാണ്. അദ്ദേഹം ജമാഅത്തിന്റെ മുറബ്ബിയായിരുന്നു. സെപ്റ്റംബർ 23ന് ഹൃദയസ്തംഭനത്താൽ വഫാത്തായി. മുൻപേതന്നെ ഹൃദയരോഗിയായിരുന്നു. 32 വയസ്സായിരുന്നു. اِنَّا لِلّٰهِ وَ اِنَّا اِلَيْهِ رٰجِعُوْنَ ഈ ദിവസങ്ങളിൽ യു.കെ. യിലായിരുന്നു ഉണ്ടായിരുന്നത്. ചൗധരിമഹർ അല്ലാ ദത്ത് സാഹിബ് ഗുജറാത്തിന്റെ മകനായിരുന്നു. അദ്ദേഹത്തിന്റെ പിതാവ് 1918ലാണെന്ന് തോന്നുന്നു സ്വന്തം ഗ്രാമത്തിൽ നിന്ന് സിയാൽക്കോട്ടിലേക്ക് നടന്ന് വന്നാണ് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ കയ്യിൽ ബയ്അത്ത് ചെയ്തത്. മർഹൂം നസ്റുല്ലാഹ് ഖാൻ നാസിർ സാഹിബ് 1960ൽ ജീവിതം വഖ്ഫ് ചെയ്ത് ജാമിഅ അഹ്മദിയ്യ റബ്വയിൽ പ്രവേശനം കരസ്ഥമാക്കി. പഠന മദ്ധ്യേ അദ്ദേഹം തന്റെ ആദ്യലേഖനം "ഖലീഫ ഒരിക്കലും സ്ഥാനഭ്രഷ്ടനാകുകയില്ല" എന്ന വിഷയത്തിൽ എഴുതി. അൽ ഫള്ൽ റബ്വയിൽ അത് പ്രസിദ്ധീകരിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ അറിവിനുള്ള ആവേശം ധാരാളമായിരുന്നു. അക്കാരണത്താൽ അദ്ദേഹത്തെ ജാമിഅ യിലെ മാസികയായ മജല്ല്തുൽ ജാമിഅയുടെ എഡിറ്ററായി നിയമിച്ചു. ലേഖനങ്ങൾ എഴുതുന്നതിനുള്ള പ്രത്യേക കഴിവുണ്ടായിരുന്നു. ജമാഅത്തിന്റെ പത്രങ്ങളിലും മാസികകളിലും ലേഖനങ്ങൾ എഴുതുമായിരുന്നു. ജാമിഅയിൽ നിന്നും പഠിച്ചിറങ്ങിയ ശേഷം 1983 വരെ പാക്കിസ്ഥാനിലെ വിവിധ ജമാഅത്തുകളിൽ മുറബ്ബിയായി സേവനം അനുഷ്ഠിച്ചുകൊണ്ടിരുന്നു. പ്രാദേശിക ഇസ്‌ലാഹ് ഇർഷാദിലും സേവനത്തിനുള്ള തൗഫീഖ് ലഭിച്ചു. 1994 മുതൽ 2004 വരെ അവിടെ അൻസാറുല്ലാ മാസികയുടെ എഡിറ്ററായിരുന്നു. ഇക്കാരണത്താൽ അദ്ദേഹത്തിനെതിരിൽ ധാരാളം കേസുകളും ഉണ്ടായിട്ടുണ്ട്. അതിന്റെ നടപടിക്രമത്തിന്റെ ഭാഗമായി അദ്ദേഹത്തിന് റബ്വയിൽ നിന്ന് കറാച്ചിയിലേക്കും സിന്ദിലേക്കും മറ്റു പട്ടണത്തിലേക്കും കേസിനായി പോകേണ്ടി വന്നിരുന്നു. ചിലപ്പോൾ അടുത്തടുത്തുള്ള തിയ്യതികളായിരിക്കും ലഭിക്കുക. എന്നാൽ രോഗിയായിരുന്നിട്ടു പോലും അദ്ദേഹം വളരെ ധൈര്യത്തോടുകൂടി പോകുമായിരുന്നു. വളരെ ധീരനായിക്കൊണ്ടാണ് അദ്ദേഹം ഈ കേസുകളെ നേരിട്ടത്. ചിലപ്പോൾ കോടതികളിൽ തന്നെ അവസ്ഥ മോശമാകുമായിരുന്നു. വളരെ നിരാശ ഉണ്ടാകുമായിരുന്നു. ചിലപ്പോൾ ശത്രുക്കൾ വളരെ ആവേശം

കാണിക്കുമായിരുന്നു. എന്നാലും അല്ലാഹു അദ്ദേഹത്തിന് മനക്കരുത്ത് നൽകി. തന്മൂലം അദ്ദേഹം എല്ലാ കേസുകളിലും ഹാജരാവുമായിരുന്നു. ദാറുൽ ഖളായിൽ ഖാളിയായി സേവനമനുഷ്ഠിക്കുന്നതിനുള്ള തൗഫീഖും അദ്ദേഹത്തിന് ലഭിച്ചു. അദ്ദേഹം **അസ്ഹാബെ സിദ്ഖ് വസഫാ** എന്നൊരു ഗ്രന്ഥവും രചിച്ചു. അതിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ 313 സഹാബികളെ കുറിച്ച് പരാമർശിക്കുകയുണ്ടായി. അവരുടെ ചരിത്രമാണ്. അവരെ സംബന്ധിച്ചുള്ളതായിരുന്നു. കൂടാതെയും മറ്റ് ധാരാളം ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. അങ്ങേയറ്റം ദുആ ചെയ്യുന്ന വ്യക്തിയായിരുന്നു. ലളിതവും അല്ലാഹുവിൽ ഭരമേൽപ്പിക്കുന്ന പ്രകൃതവും അസാമാന്യ ധൈര്യത്തിനുടമയുമായിരുന്നു. ശാന്തപ്രകൃതക്കാരനായിരുന്നു. കൂറുള്ള വ്യക്തിയായിരുന്നു. മൂസിയുമായിരുന്നു. അല്ലാഹു അദ്ദേഹത്തിന് മഗ്ഫിറത്ത്  നൽകുമാറാകട്ടെ. തന്റെ സംതൃപ്തിയുടെ സ്വർഗ്ഗത്തിൽ ഉന്നതസ്ഥാനം നൽകുമാറാകട്ടെ. അല്ലാഹു അദ്ദേഹത്തിന്റെ മക്കൾക്കും അദ്ദേഹത്തിന്റെ.നില നിർത്തികൊണ്ടു പോകുന്നതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ. ജുമുആ നമസ്കാരത്തിന് ശേഷം ഈ ജനാസ ഹാളിർ ഞാൻ പുറത്ത് പോയി നമസ്കരിപ്പിക്കുന്നതാണ്. സഹോദരങ്ങൾ പള്ളിയിൽ തന്നെ സ്വഫ്ഫ് നേരെയാക്കേണ്ടതാണ്.

**PRINTED BOOKS**

**To**

**From**

**Ahmadiyya Mission House**
**K.N.Road Karapparamba**
**Calicut - 10**


KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2012 September 28 at : Baitul Futuh London
Translation: T.M.Abdul Mujeeb,Tammanam Mob: 09946794987

Typing: Nasarudheen, Tahir Ahmed & Semiyya Sulthana
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, North Kerala**